'ഭരണ ഭാഷ മാതൃഭാഷ'

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ.എച്ച്3/26117/10.

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 20.03.2013.

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - പെന്റിംഗ് എൻ.റ്റി. സി.കളുടെ വിവരം സി.ഡി.യിൽ ഉൾപ്പെടുത്തി നൽകുന്നതു - സംബന്ധിച്ച് -

വിവിധ ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ഫെബ്രുവരി 2012 ട്രേഡ് ടെസ്റ്റ് വരെയുള്ള പെന്റിംഗ് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച് ഫോർമാറ്റ് A, B, C, D, X പ്രകാരം ലഭ്യമാക്കിയിട്ടുള്ള വിവരം സി.ഡി.യിൽ ഉൾപ്പെടുത്തിയത് ഡി.ജി.ഇ.റ്റി. അംഗീകരിച്ച അന്തിമ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു. ടി ലിസ്റ്റ് പരിശോധിച്ച് ഇനിയും ഉൾപ്പെടുത്തുവാൻ വിട്ടുപോയ എല്ലാ എൻ.റ്റി.സി.കളുടെ വിവരങ്ങൾ കൂടി ടി ഫോർമാറ്റുകളിൽ ഉൾപ്പെടുത്തി ഈ കാര്യാലയത്തിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. സി.ഡി, ബി.ഫോം, സർട്ടിഫിക്കറ്റ് ഇഷ്യു രജിസ്റ്റർ എന്നിവയുടെ അടിസ്ഥാനത്തിൽ കർശനമായ പരിശോധനകൾക്ക് വിധേയമാക്കേണ്ടതും, മേലൊപ്പു ചാർത്തി ലഭിച്ചു കഴിഞ്ഞ ഒരു എൻ.റ്റി.സി.യുടെയും വിവരം ഇതിൽ ഉൾക്കൊള്ളുന്നില്ല എന്നും സർട്ടിഫിക്കറ്റ് ലഭിക്കാത്ത ഒരു ട്രെയിനിയുടെയും വിവരം ഇതിൽ നിന്ന് വിട്ടുപോയിട്ടില്ലാ എന്നും ഓരോ പ്രിൻസിപ്പാൾമാരും ഉറപ്പു വരുത്തേണ്ടതും ആയതിനുള്ള സാക്ഷ്യപത്രം നൽകേണ്ടതുമാണ്. മേലൊപ്പിനായി ട്രെയിനിംഗ് ഡയറക്ടറേറ്റിലേയ്ക്ക് അയച്ചതും എൻ.സി.വി.റ്റി. സെക്രട്ടറിയുടെ ഒപ്പു ചാർത്തി ലഭിക്കാത്തതുമായ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങളും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്.

സി.ഡി.കൾ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരുടെ ആവശ്യമായ സാക്ഷ്യപ്പെടുത്തലോടുകൂടി 30.03.2013-ന് മുമ്പ് ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. സമയ ക്ലിപ്തത നിർബന്ധമായും പാലിക്കേണ്ടതാണ്.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഡി/21.03.